©

കേരള സർക്കാർ

Government of Kerala

2019

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 8<br>Vol. VIII | തിരുവനന്തപുരം, ബുധൻ<br>Thiruvananthapuram, Wednesday | 2019 മാർച്ച് 6<br>6th March 2019<br>1194 കുംഭം 22<br>22nd Kumbham 1194<br>1940 ഫാൽഗുനം 15<br>15th Phalguna 1940 | നമ്പർ<br>No. 599 |

## കേരള സർക്കാർ

നിയമ (നിയമനിർമ്മാണ-സി) വകുപ്പ്

### വിജ്ഞാപനം

നമ്പർ 4904/ലെഗ്.സി1/2019/നിയമം.

*തിരുവനന്തപുരം, 2019 മാർച്ച് 6, 1194 കുംഭം 22, 1940 ഫാൽഗുനം 15.*

2019 മാർച്ച് 6-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയ താഴെപ്പറയുന്ന ഓർഡിനൻസ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ബി. ജി. ഹരീന്ദ്രനാഥ്,
*നിയമ സെക്രട്ടറി.*

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2019.

92/834/2019/S-11.

## 2019-ലെ 23-ാം നമ്പർ ഓർഡിനൻസ്

# 2019-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ഓർഡിനൻസ്

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയത്.

## 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

## ഒരു

## ഓർഡിനൻസ്

പീഠിക.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാലും;

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും താൻ സത്വര നടപടിയെടുക്കേണ്ടത് ആവശ്യമാകുന്ന സാഹചര്യങ്ങൾ നിലവിലുണ്ടെന്ന് കേരള ഗവർണ്ണർക്ക് ബോദ്ധ്യമായിരിക്കുന്നതിനാലും;

ഇപ്പോൾ, അതിനാൽ, ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള ഗവർണ്ണർ താഴെപ്പറയുന്ന ഓർഡിനൻസ് വിളംബരപ്പെടുത്തുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ഓർഡിനൻസിന് 2019-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ഓർഡിനൻസ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 1994-ലെ 20-ാം ആക്റ്റ് താൽക്കാലികമായി ഭേദഗതി ചെയ്യപ്പെടേണ്ട താണ്.—ഈ ഓർഡിനൻസ് നിലവിലിരിക്കുന്ന കാലത്ത് 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിന് (1994-ലെ 20) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 3 മുതൽ 5 വരെ വകുപ്പുകളിൽ വ്യക്തമാക്കിയിരിക്കുന്ന ഭേദഗതികൾക്ക് വിധേയമായി പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

3. 48-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 48-ാം വകുപ്പിൽ,—

(1) (1)-ാം ഉപവകുപ്പിൽ "സർക്കാർ സർവ്വീസിൽ നിർണ്ണയിക്കപ്പെടുന്ന കേഡറിലുള്ള" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്;

(2) (3)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(3) സർക്കാർ, അതതുസമയം, നിശ്ചയിക്കുന്ന പ്രകാരം സെക്രട്ടറിയുടെ ശമ്പളവും അലവൻസുകളും ഒന്നാമതായി സംസ്ഥാന ഫണ്ടിൽ നിന്നും കൊടുക്കേണ്ടതാണ്. സെക്രട്ടറിക്ക് കൊടുക്കുന്ന ശമ്പളവും അലവൻസുകളും കൂടാതെ അവധിക്കാല ശമ്പളം, പെൻഷൻ, പ്രോവിഡന്റ് ഫണ്ട് എന്നിവയ്ക്കായി സർക്കാരിന്റെ കീഴിലുള്ള അയാളുടെ സേവന വ്യവസ്ഥകൾ പ്രകാരം അയാളോ അയാൾക്കുവേണ്ടിയോ കൊടുക്കേണ്ടതായ അംശദായങ്ങൾ മുനിസിപ്പാലിറ്റി, സംസ്ഥാന ഫണ്ടിലേക്ക് മാസംതോറും അടയ്ക്കേണ്ടതാണ്.

(3എ) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, 1968-ലെ കേരള പബ്ലിക് സർവ്വീസസ് ആക്റ്റ് (1968-ലെ 19) പ്രകാരം ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളാൽ (1)-ാം ഉപവകുപ്പു പ്രകാരം നിയമിക്കപ്പെടുന്ന സെക്രട്ടറിമാരുടെ തരംതിരിവ്, നിയമന സമ്പ്രദായങ്ങൾ, സേവന വ്യവസ്ഥകൾ, ശമ്പളവും ബത്തയും, അച്ചടക്കം, പെരുമാറ്റം എന്നിവ സർക്കാർ നിയന്ത്രിക്കേണ്ടതും അങ്ങനെയുള്ള ചട്ടങ്ങളിൽ സെക്രട്ടറിമാരെ, സർക്കാരിനു ആവശ്യമെന്ന് തോന്നുന്ന മറ്റു സർക്കാർ ജീവനക്കാരോടൊപ്പം ഉൾപ്പെടുത്തി സംസ്ഥാന ത്തിനൊട്ടാകെയോ അല്ലെങ്കിൽ ഓരോ ജില്ലയ്ക്കുമായോ ഒരു പ്രത്യേക സർവ്വീസായോ കേഡറായോ രൂപീകരിക്കുന്നതിനുകൂടി വ്യവസ്ഥ ചെയ്യാവുന്നതുമാണ്.".

4. 222-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 222-ാം വകുപ്പിൽ,—

(1) മാർജിനൽ ശീർഷകത്തിൽ "പൊതുമുനിസിപ്പൽ സർവ്വീസിന്റെ രൂപീകരണം" എന്ന വാക്കുകൾക്ക് പകരം "മുനിസിപ്പാലിറ്റി ഉദ്യോഗസ്ഥരും ജീവനക്കാരും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(2) (1)-ാം ഉപവകുപ്പിനുപകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(1) കണ്ടിജന്റ് ജീവനക്കാർ ഒഴികെ, ഒരു മുനിസിപ്പാലിറ്റിയിലെ ഉദ്യോഗസ്ഥരും ജീവനക്കാരും സർക്കാർ ജീവനക്കാർ ആയിരിക്കുന്നതാണ്.

(1എ) മുനിസിപ്പാലിറ്റി ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും, സർക്കാർ, അതതുസമയം, നിശ്ചയിക്കാവുന്ന അങ്ങനെയുള്ള ശമ്പളവും അലവൻസുകളും മുനിസിപ്പാലിറ്റി നൽകേണ്ടതും സർക്കാരിന്റെ കീഴിലെ അവരുടെ സേവന വ്യവസ്ഥകൾ പ്രകാരം അവധിക്കാല ശമ്പളം, പെൻഷൻ, പ്രോവിഡന്റ് ഫണ്ട് എന്നിവയിലേക്ക് അവരോ അവർക്കുവേണ്ടിയോ നൽകേണ്ടതായ അംശദായങ്ങൾ നൽകേണ്ടതുമാണ്.

(1ബി) ഈ ആക്റ്റിലെ വ്യവസ്ഥകൾക്കു വിധേയമായി, 1968-ലെ കേരള പബ്ലിക് സർവ്വീസസ് ആക്റ്റ് (1968-ലെ 19) പ്രകാരം ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളാൽ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും തരംതിരിവ്, നിയമന സമ്പ്രദായങ്ങൾ, സേവന വ്യവസ്ഥകൾ, ശമ്പളവും ബത്തയും, അച്ചടക്കം, പെരുമാറ്റം എന്നിവ സർക്കാർ നിയന്ത്രിക്കേണ്ടതും അങ്ങനെയുള്ള ചട്ടങ്ങളിൽ ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട മുനിസിപ്പാലിറ്റി ഉദ്യോഗസ്ഥരെയോ ജീവനക്കാരെയോ സംസ്ഥാനത്തിനൊട്ടാകെയോ ഓരോ ജില്ലയ്ക്കുമായോ ഒരു പ്രത്യേക സർവ്വീസായി രൂപീകരിക്കുന്നതിനുകൂടി വ്യവസ്ഥ ചെയ്യാവുന്നതുമാണ്.".

5. <u>224-ാം വകുപ്പിനുള്ള ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 224-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിൽ, "മുനിസിപ്പൽ പൊതു സർവ്വീസിൽ" എന്ന വാക്കുകൾക്ക് പകരം "തദ്ദേശസ്വയംഭരണവകുപ്പ് പൊതു സർവ്വീസിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

പി. സദാശിവം,

*ഗവർണ്ണർ.*

GOVERNMENT OF KERALA

**Law (Legislation-C) Department**

NOTIFICATION

No. 4904/Leg.C1/2019/Law.

*Dated, Thiruvananthapuram,* *6th March, 2019* / *22nd Kumbham, 1194* / *15th Phalguna, 1940.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English language of the Kerala Municipality (Second Amendment) Ordinance, 2019 (23 of 2019).

By order of the Governor,

B. G. HARINDRANATH,
*Law Secretary.*

[Translation in English of "2019-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ഓർഡിനൻസ്" published under the authority of the Governor.]

## ORDINANCE No. 23 OF 2019

## THE KERALA MUNICIPALITY (SECOND AMENDMENT) ORDINANCE, 2019

Promulgated by the Governor of Kerala in the Seventieth Year of the Republic of India.

*AN*

*ORDINANCE*

*further to amend the Kerala Municipality Act, 1994.*

*Preamble.*—WHEREAS, it is expedient further to amend the Kerala Municipality Act, 1994 (20 of 1994) for the purposes hereinafter appearing;

AND WHEREAS, the Legislative Assembly of the State of Kerala is not in session, and the Governor of Kerala is satisfied that circumstances exist which render it necessary for him to take immediate action;

NOW, THEREFORE, in exercise of the powers conferred by clause (1) of Article 213 of the Constitution of India, the Governor of Kerala is pleased to promulgate the following Ordinance:—

1. *Short title and commencement.*—(1) This Ordinance may be called the Kerala Municipality (Second Amendment) Ordinance, 2019.

(2) It shall come into force at once.

2. *Act 20 of 1994 to be temporarily amended.*—During the period of operation of this Ordinance, the Kerala Municipality Act, 1994 (20 of 1994) (hereinafter referred to as the principal Act) shall have effect subject to the amendments specified in sections 3 to 5.

3. *Amendment of section 48.*—In section 48 of the principal Act,—

(1) in sub-section (1), the words "borne on such cadre, as may be prescribed," shall be omitted;

(2) for sub-section (3), the following sub-sections shall be inserted, namely:—

"(3) The pay and allowances of the Secretary as fixed by the Government from time to time shall in the first instance to be paid from the State Fund. The pay and allowances paid to the Secretary and the contribution to be made by him or on his behalf towards his leave salary, pension and provident fund to the extent required by the conditions of his service under the Government shall be credited monthly to the State fund by the Municipality.

(3A) Subject to the provisions of this Act, the Government shall by rules made under the Kerala Public Services Act, 1968 (19 of 1968), regulate the classifications, method of appointment, conditions of service, pay and allowances, discipline and conduct of the Secretaries appointed under sub-section (1) and such rules may provide for the constitution of a separate service or cadre either for the whole State or for each district, including the Secretaries along with such other Government servants as are considered necessary by the Government.".

4. *Amendment of section 222.*—In section 222 of the principal Act,—

(1) in the marginal heading, for the words "Constitution of a common municipal service", the words "Officers and employees of Municipality" shall be substituted;

(2) for sub-section (1), the following sub-sections shall be inserted, namely:—

"(1) The officers and employees of a Municipality, other than contingent employees, shall be Government servants.

(1A) The Municipality shall pay the officers and employees such salary and allowances as may from time to time, be fixed by the Government and shall also make such contribution towards their leave salary, pension and provident fund as may be required by the conditions of their service under the Government, to be made by them or on their behalf.

(1B) Subject to the provisions of this Act, the Government shall by rules made under the Kerala Public Services Act, 1968 (19 of 1968), regulate the classifications, method of appointment, conditions of service, pay and allowances, discipline and conduct of the officers and employees and such rules may provide for the constitution of any class of officers or employees of Municipalities into a separate service, either for the whole State or for each district.".

5. *Amendment of section 224.*—In sub-section (2) of section 224 of the principal Act, for the words "Municipal Common Service" the words "Local Self Government Department Common Service" shall be substituted.

P. SATHASIVAM,
*GOVERNOR.*